I ഇ.ബി. XV - കേരള നിയമസഭ/VII-4

## പതിനഞ്ചാം കേരള നിയമസഭ

ഏഴാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2022 ഡിസംബർ 08, വ്യാഴം

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I. അടിയന്തരപ്രമേയം

### സിൽവർ ലൈൻ പദ്ധതി

മി. സ്പീക്കർ: സിൽവർലൈൻ പദ്ധതി അനിശ്ചിതത്വത്തിലായിട്ടും പാതയ്ക്കായി ഏറ്റെടുക്കേണ്ടി വരുന്ന വസ്തുവിന്റെ സർവ്വെ നമ്പർ ഉൾക്കൊള്ളുന്ന ഉത്തരവ് റദ്ദാക്കാത്തതിനാൽ ഭൂവുടമകൾക്ക് അവരുടെ ഭൂമിയുടെ ക്രയവിക്രയം നടത്താനോ വായ്പയെടുക്കാനോ സാധിക്കാത്തതായി പറയപ്പെടുന്ന സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ റോജി എം. ജോൺ, പി. കെ. ബഷീർ,

മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സിൽവർ ലൈൻ പദ്ധതി കേരളത്തിന്റെ പശ്ചാത്തലസൗകര്യ വികസനത്തിന് കുതിപ്പുണ്ടാക്കുന്ന രീതിയിലാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഈ പദ്ധതി മരവിപ്പിച്ചിട്ടില്ലെന്ന് മാത്രമല്ല, പദ്ധതിയുടെ ഡി.പി.ആർ. കേന്ദ്ര സർക്കാരിന് അനുമതിക്കായി സമർപ്പിക്കുകയും റെയിൽവേ മന്ത്രാലയം ആരാഞ്ഞ വിവരങ്ങളിന്മേൽ സ്പഷ്ടീകരണം നൽകുകയും ചെയ്തിട്ടുണ്ട്. പദ്ധതിക്ക് തത്വത്തിൽ അംഗീകാരം ലഭിച്ചതിനുപുറമെ, റെയിൽവേ, ധനമന്ത്രാലയങ്ങളുടെ അറിയിപ്പുകളും സർക്കുലറുകളും പ്രകാരം നിക്ഷേപപൂർവ്വ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകാൻ സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുമുണ്ട്. ഇതുമായി ബന്ധപ്പെട്ട ജിയോ ടെക്നിക്കൽ, ഹൈഡ്രോളജിക്കൽ, സമഗ്ര പരിസ്ഥിതി ആഘാത പഠനങ്ങൾ തുടങ്ങിയവ നടന്നുവരികയാണ്. സാമൂഹികാഘാത പഠനത്തിന്റെ ഭാഗമായാണ് ഭൂ അതിർത്തി നിർണ്ണയ പ്രവർത്തനങ്ങൾ നടത്തിയത്. ഭൂമിയേറ്റെടുക്കുന്നതിനുമുമ്പുതന്നെ ഭൂവുടമകൾക്ക് അർഹമായ നഷ്ടപരിഹാരം കാലവിളംബം കൂടാതെ വിതരണം ചെയ്യുമെന്ന്

ഉറപ്പുനൽകിയിട്ടുള്ളതാണ്. 2013-ലെ എൽ.എ.ആർ.ആർ. നിയമത്തിന്റെ വകുപ്പ് 11(1) പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ലാത്തതിനാൽ ഭൂമി ക്രയവിക്രയം നടത്തുന്നതിനോ പണയപ്പെടുത്തി വായ്പയെടുക്കുന്നതിനോ നിയമപരമായി യാതൊരു തടസ്സവുമില്ല. സിൽവർ ലൈൻ പദ്ധതിക്ക് അനുമതി ലഭ്യമായിട്ടില്ലാത്തതിനാൽ റവന്യൂ ഉദ്യോഗസ്ഥരെയും ജീവനക്കാരെയും തത്ക്കാലം പുനർവിന്യസിക്കാൻ തീരുമാനിച്ചിട്ടുണ്ട്. സാമൂഹ്യാഘാത പഠനങ്ങളുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥരെ തടസ്സപ്പെടുത്തിയത് സംബന്ധിച്ച കേസ്സുകൾ പിൻവലിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

ശ്രീ. റോജി എം. ജോൺ: സിൽവർ ലൈൻ പദ്ധതി മരവിപ്പിച്ചിട്ടില്ലെന്ന മുഖ്യമന്ത്രിയുടെ പ്രസ്താവന വാസ്തവവിരുദ്ധമാണ്. പദ്ധതിയുമായി ബന്ധപ്പെട്ട് 205-ഓളം റവന്യൂ ഉദ്യോഗസ്ഥരെ തിരിച്ച് വിളിച്ചിരിക്കുകയാണ്. ഈ പദ്ധതി നടപ്പിലാക്കുന്നതിനെക്കുറിച്ചും ഏറ്റെടുത്ത ഭൂമിക്ക് നഷ്ടപരിഹാരം ലഭിക്കുന്നത് സംബന്ധിച്ചും ഭൂവുടമകൾ ആശങ്കയിലാണ്. സാമൂഹ്യാഘാത പഠനം നടത്തുന്നതിനായി 1221 ഹെക്ടർ പ്രദേശത്താണ് 4(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുള്ളത്. പദ്ധതി പ്രദേശത്തെ ജനങ്ങൾക്ക് ക്രയവിക്രയം ചെയ്യാൻ കഴിയാത്ത

സ്ഥിതിയാണുള്ളത്. പദ്ധതിക്കായി അതിരടയാള കല്ലിട്ട ഭൂമി വാങ്ങാൻ ആരും താൽപ്പര്യപ്പെടുന്നില്ലെന്നത് വസ്തുതയാണ്. പദ്ധതി പ്രദേശത്തെ ഭൂമിയിന്മേൽ സർക്കാർ നിർദ്ദേശപ്രകാരം സഹകരണ ബാങ്കുകൾ വായ്പ അനുവദിക്കുമെങ്കിലും പൊതുമേഖലാ ബാങ്കുകൾ വായ്പ നൽകാൻ തയ്യാറാകുന്നില്ല. കേരളത്തിലാകമാനം സിൽവർ ലൈൻ പദ്ധതിക്കെതിരെ പ്രതിഷേധിച്ചവർക്കെതിരെ രജിസ്റ്റർ ചെയ്ത കേസ്സുകൾ പിൻവലിക്കാനും 4(1) നോട്ടിഫിക്കേഷൻ മരവിപ്പിച്ചുകൊണ്ട് ജനങ്ങളുടെ ആശങ്ക പരിഹരിക്കാനും നടപടി സ്വീകരിക്കണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സിൽവർ ലൈൻ പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് രണ്ട് തരത്തിലുള്ള സമീപനമാണ് ഭരണപക്ഷത്തിനും പ്രതിപക്ഷത്തിനുമുള്ളത്. സംസ്ഥാനത്തിന്റെ വികസനത്തിന് മുന്നേറ്റമുണ്ടാക്കുന്നതാണ് സിൽവർ ലൈൻ പദ്ധതി. കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നും പദ്ധതിക്കനുകൂലമായ സമീപനമാണ് ആദ്യമുണ്ടായതെങ്കിലും സംസ്ഥാനത്തെ പ്രതിപക്ഷത്തിന്റെയും ബി.ജെ.പി.-യുടെയും ഇടപെടലിന്റെ ഭാഗമായി പിന്നീടതിൽ മാറ്റം വന്നു. പാർലമെന്റിൽ പദ്ധതി നടപ്പിലാക്കുന്നതിനെതിരായി കേരളത്തിലെ ഭൂരിഭാഗം എം.പി.-മാർ

പ്രവർത്തിക്കുകയും അതിന് ബി.ജെ.പി.-യുടെ പിന്തുണ ലഭിക്കുകയും ചെയ്തപ്പോൾ പദ്ധതി പരിശോധിച്ചശേഷമേ തീരുമാനമെടുക്കുകയുള്ളൂ എന്നാണ് കേന്ദ്ര സർക്കാർ നിലപാടെടുത്തത്. പദ്ധതിക്ക് അനുമതി ലഭിക്കുന്നതിനുമുമ്പ് ഇതുമായി ബന്ധപ്പെട്ട ചില പ്രവർത്തനങ്ങൾ നടത്തേണ്ടതുള്ളതിനാൽ അത്തരം പ്രവർത്തനങ്ങൾ നടത്തുകയാണ് ചെയ്തത്. പദ്ധതിക്ക് അനുമതി ലഭിച്ചശേഷം ഇതിനായി ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥരെ പദ്ധതിയുടെ ഭാഗമാക്കി കാര്യങ്ങൾ നടപ്പിലാക്കും. പ്രതിപക്ഷം നടത്തിയ സമരങ്ങളുടെ ഫലമായി സിൽവർ ലൈൻ പദ്ധതിയിൽ നിന്നും സംസ്ഥാന സർക്കാർ പിന്നോട്ടുപോയിയെന്ന് കരുതരുത്. നാടിന്റെ താല്പര്യത്തിനെതിരായുള്ള സമരങ്ങൾക്ക് വഴങ്ങിക്കൊടുക്കുന്ന നിലപാട് സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകില്ല. ഇത്തരം കാര്യങ്ങളിൽ നാടിന്റെ നന്മയ്ക്കുതകുന്ന നിലപാടുകളാണ് രാഷ്ട്രീയ പാർട്ടികൾ സ്വീകരിക്കേണ്ടത്. പദ്ധതിക്കായി സർക്കാർ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ഭൂമി ക്രയവിക്രയം ചെയ്യാനോ പണയപ്പെടുത്താനോ തടസ്സമില്ല. പദ്ധതി നടപ്പാക്കുന്ന കാര്യത്തിൽ ഒരു തരത്തിലുള്ള ആശങ്കയ്ക്കും അടിസ്ഥാനമില്ല. ആശങ്കകളുണ്ടെങ്കിൽ അത് ദൂരീകരിക്കാൻ സംസ്ഥാന സർക്കാർ സന്നദ്ധമാണ്. പദ്ധതിക്ക് അംഗീകാരം ലഭിച്ചുകഴിഞ്ഞാൽ

പെട്ടെന്നുതന്നെ പൂർത്തിയാക്കാൻ സാധിക്കും. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി. ഡി. സതീശൻ, പി. കെ. കുഞ്ഞാലിക്കുട്ടി, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, ശ്രീമതി കെ. കെ. രമ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## II. ശ്രദ്ധ ക്ഷണിക്കൽ

### (1) റബ്ബർ കർഷകർ നേരിടുന്ന പ്രതിസന്ധി

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: കേന്ദ്രഗവൺമെന്റിന്റെ കർഷകദ്രോഹ നടപടികൾമൂലമുള്ള വിലയിടിവിനെത്തുടർന്ന് റബ്ബർ കർഷകർ നേരിടുന്ന പ്രതിസന്ധി തരണംചെയ്യുന്നതിന് നടപടി സ്വീകരിക്കാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തണം. ലാറ്റക്സിന്റെയും ഷീറ്റ് റബ്ബറിന്റെയും വിലസ്ഥിരതാഫണ്ടിലുള്ള അപാകത പരിഹരിക്കാനും വിലസ്ഥിരതാ ഫണ്ട് 200 രൂപയായി വർദ്ധിപ്പിക്കാനും നടപടി സ്വീകരിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): 2015 മുതൽ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം നടപ്പിലാക്കി റബ്ബറിന് താങ്ങുവില ഉറപ്പുവരുത്തുകയും 2021 ഏപ്രിൽ 1 മുതൽ റബ്ബറിന്റെ താങ്ങുവില കിലോയ്ക്ക് 170 രൂപയായി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. റബ്ബറിന്റെ വിലയിടിവുകാരണം ബുദ്ധിമുട്ടുന്ന കർഷകർക്ക് ഗുണപ്രദമാകുന്ന രീതിയിൽ താങ്ങുവില വർദ്ധിപ്പിച്ചും ധനസഹായം കുടിശ്ശികയില്ലാതെ ലഭ്യമാക്കുന്നതിനുമാണ് സർക്കാർ മുൻഗണന നൽകുന്നത്. 27-11-2022 വരെ സമർപ്പിച്ച ബില്ലുകളിന്മേൽ 1,777.22 കോടി രൂപ സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്. കേന്ദ്രസർക്കാരിന്റെ കരട് റബ്ബർ നിയമഭേദഗതി നിർദ്ദേശങ്ങളിന്മേൽ കേരളത്തിലെ കർഷകരെ പ്രതികൂലമായി ബാധിക്കുന്ന കാര്യങ്ങളിലുള്ള ആശങ്ക അറിയിച്ചിട്ടുണ്ട്. കർഷകർക്ക് കൂടുതൽ പ്രോത്സാഹനം നൽകുന്ന വ്യവസ്ഥകളും ഇറക്കുമതി ചെയ്യുന്ന റബ്ബറിന്റെ വില നിയന്ത്രിക്കുന്നതിന് ഒരു ക്ലോസും നിയമത്തിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. രാജ്യത്ത് ഉൽപ്പാദിപ്പിക്കുന്ന റബ്ബറിന് ഗുണനിലവാരം നിശ്ചയിച്ചിട്ടുള്ളതുപോലെ ഇറക്കുമതി ചെയ്യുന്ന റബ്ബറിന് നിയന്ത്രണം ഏർപ്പെടുത്തണമെന്ന് ആവശ്യപ്പെടുന്നതാണ്. റബ്ബറിന്റെ ഡിമാന്റ് വർദ്ധിപ്പിക്കുന്നതിനായി ഉല്പാദനത്തോടൊപ്പം ഉപഭോഗവും

വർദ്ധിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നുണ്ട്. വിലസ്ഥിരതാ ഫണ്ട് 200 രൂപയായി വർദ്ധിപ്പിക്കുന്നതിന് കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നതാണ്.

(2) പി.എസ്.സി.-യുടെ പുതിയ രീതിയിലുള്ള പരീക്ഷാ നടത്തിപ്പ്

ശ്രീ. ഷാഫി പറമ്പിൽ: പി.എസ്.സി.-യുടെ പുതിയ രീതിയിലുള്ള പരീക്ഷാ നടത്തിപ്പിൽ ഉദ്യോഗാർത്ഥികൾക്കുള്ള ആശങ്കകളും പരാതികളും പരിഹരിക്കാനും താല്ക്കാലികക്കാരെ ഒഴിവാക്കി റാങ്ക് ലിസ്റ്റുകളിൽനിന്ന് നിയമനം നടത്താനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): വിവിധ തസ്തികകളിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് നടപടിക്രമങ്ങൾ കാര്യക്ഷമമാക്കി കാലവിളംബംകൂടാതെ റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികളാണ് പി.എസ്.സി. സ്വീകരിച്ചിട്ടുള്ളത്. കൂടുതൽ അപേക്ഷകരുള്ള തസ്തികകളിൽ പത്താംതരം, പ്ലസ്ടു, ഡിഗ്രി എന്നിങ്ങനെ തിരിച്ച് ഘട്ടംഘട്ടമായി പ്രാഥമിക/മുഖ്യ പരീക്ഷകൾ നടത്തുന്നുണ്ട്. ഉദ്യോഗാർത്ഥികളുടെ പരാതികൾ പരിഹരിക്കുന്നതിന് വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ട്. റാങ്ക് ലിസ്റ്റുകൾ തയ്യാറാക്കുമ്പോൾത്തന്നെ സംവരണതത്വം ഉറപ്പുവരുത്തുന്നുണ്ട്. പൊതുയോഗ്യതയുള്ള തസ്തികകൾക്ക് പ്രാഥമിക പരീക്ഷകൾ നടത്തുകയും

തുടർന്ന് ഓരോ പരീക്ഷയ്ക്കുമായി മുഖ്യപരീക്ഷ നടത്തുകയും ചെയ്യുന്നതിലൂടെ റാങ്ക് ലിസ്റ്റ് സമയബന്ധിതമായി പ്രസിദ്ധീകരിക്കാൻ സാധിക്കും. വേക്കൻസി റിപ്പോർട്ടിംഗിന് പുതിയ സംവിധാനം ഏർപ്പെടുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## III. സബ്മിഷൻ

### (1) മുതുകുളം ഉപതെരഞ്ഞെടുപ്പ് വിജയിക്കുനേരെ ആക്രമണം

ശ്രീ. രമേശ് ചെന്നിത്തല: മുതുകുളം ഗ്രാമപഞ്ചായത്ത് ഉപതെരഞ്ഞെടുപ്പിൽ വിജയിച്ച ശ്രീ. ജി. എസ്. ബൈജുവിനെ ആക്രമിച്ചവർക്കെതിരെ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): മുതുകുളം ഗ്രാമപഞ്ചായത്ത് ഉപതെരഞ്ഞെടുപ്പിൽ വിജയിച്ച ശ്രീ. ജി. എസ്. ബൈജുവിനെ ആക്രമിച്ച സംഭവത്തിൽ കനകക്കുന്ന് പോലീസ് കേസ് രജിസ്റ്റർ ചെയ്ത് ഒന്നാംപ്രതി പ്രവീണിനെ അറസ്റ്റ് ചെയ്തിട്ടുണ്ട്. പ്രതികൾ സഞ്ചരിച്ച വാഹനവും ആക്രമണത്തിനുപയോഗിച്ച ആയുധങ്ങളും കണ്ടെടുത്തു. മറ്റ് പ്രതികളെ പിടികൂടുന്നതിനുള്ള ഊർജ്ജിത ശ്രമങ്ങൾ നടത്തിവരുന്നു.

## (2) സർക്കാർ സ്ഥാപനങ്ങളുടെ മതിലുകളുടെ പുനർനിർമ്മാണം

ശ്രീ. എച്ച്. സലാം: ദേശീയപാതാ വികസനത്തിന് സ്ഥലം നൽകിയ സർക്കാർ സ്ഥാപനങ്ങളുടെ മതിലുകൾ പുനർനിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർക്കാർ സ്ഥാപനങ്ങളുടെ കെട്ടിടങ്ങളും മതിലുകളും പൊളിച്ചാൽ അത് പുനർനിർമ്മിക്കുകയോ നഷ്ടപരിഹാരം നൽകുകയോ ചെയ്യണമെന്ന് വ്യവസ്ഥയുണ്ട്. ഏറ്റെടുക്കുന്ന സർക്കാർ ഭൂമിക്ക് സ്ഥലവില അനുവദിക്കാൻ കഴിയില്ലെന്നും കെട്ടിടങ്ങൾക്കും ചമയങ്ങൾക്കും മൂല്യനിർണ്ണയം നടത്തി ആറ് ശതമാനം നഷ്ടത്തുക കിഴിച്ച് നഷ്ടപരിഹാരം നൽകാമെന്നും ദേശീയപാതാ വികസന അതോറിറ്റി അറിയിച്ച സാഹചര്യത്തിൽ സ്കൂളുകളും ആശുപത്രികളും ഉൾപ്പെടെയുള്ള സ്ഥാപനങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്ന വിധമുള്ള നിർമ്മാണപ്രവൃത്തികൾ നടത്താൻ കഴിയുമോയെന്ന് ബന്ധപ്പെട്ട വകുപ്പുകളുമായി ആലോചിക്കുന്നതാണ്.

## (3) മേപ്പാടി ഗവ.പോളിടെക്നിക് വിദ്യാർത്ഥിനിക്കുനേരെയുണ്ടായ ആക്രമണം

ശ്രീ. ഒ. ആർ. കേളു: മേപ്പാടി ഗവൺമെന്റ് പോളിടെക്നിക് വിദ്യാർത്ഥിനി കുമാരി അപർണ്ണ ഗൗരിയെ ആക്രമിച്ചവർക്കെതിരെ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): വിദ്യാർത്ഥികൾ ലഹരി സംഘങ്ങളുടെ ചൂഷണത്തിനിരയാകുകയും ലഹരി ഉപയോഗത്തിനുള്ള പണം കണ്ടെത്താൻ മയക്കുമരുന്നിന് അടിമപ്പെടുകയും ചെയ്യുന്ന സാഹചര്യത്തിലാണ് വിദ്യാർത്ഥി സംഘടനാ പ്രവർത്തകർ മേപ്പാടി കോളേജിൽ ലഹരിക്കെതിരായ കാമ്പയിൻ ഏറ്റെടുത്തത്. 2-12-2022-ൽ നടന്ന കോളേജ് യൂണിയൻ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടുണ്ടായ സംഘർഷത്തിൽ ലഹരി ഉപയോഗിക്കുന്ന സംഘവും ഉൾപ്പെട്ടിരുന്നു. പ്രതികൾ മയക്കുമരുന്ന് ഇടപാടുകളിൽ ഉൾപ്പെട്ടവരാണോയെന്ന് അന്വേഷിക്കുന്നുണ്ട്. കുമാരി അപർണ്ണ ഗൗരി ലഹരിക്കെതിരെയുള്ള കാമ്പയിനിൽ പ്രവർത്തിച്ചിരുന്നു. ആക്രമണവുമായി ബന്ധപ്പെട്ട് മേപ്പാടി പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്യുകയും 6 പ്രതികളെ അറസ്റ്റ് ചെയ്ത് റിമാന്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. കൂടാതെ വാഹനങ്ങൾ തകർത്തതും പോലീസിനെയും എസ്.എഫ്.ഐ. നേതാക്കളെയും ആക്രമിച്ചതുമുൾപ്പെടെ

10 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കോളേജിൽ സമാധാനം പുനഃസ്ഥാപിക്കുന്നതിന് സർവ്വകക്ഷിയോഗം ചേരുകയും 12-ാം തീയതി മുതൽ കോളേജ് തുറന്നുപ്രവർത്തിക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ലഹരിക്കെതിയുള്ള കാമ്പയിനിന്റെ തുടർപ്രവർത്തനങ്ങൾ ശക്തമാക്കുന്നതോടൊപ്പം വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ലഹരി വസ്തുക്കൾ എത്തിക്കുന്നവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

(4) ഇടവ തോമസ് സെബാസ്റ്റ്യൻ സ്റ്റേഡിയം നിർമ്മാണം

ശ്രീ. വി ജോയി: ഇടവ തോമസ് സെബാസ്റ്റ്യൻ സ്റ്റേഡിയം നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): ഇടവ തോമസ് സെബാസ്റ്റ്യൻ കായിക സമുച്ചയത്തിന്റെ ഡിസൈനിൽ പോരായ്മ കണ്ടെത്തിയതിനെത്തുടർന്ന് നിർമ്മാണപ്രവൃത്തികൾ നിർത്തിവയ്ക്കുകയും പൂർത്തീകരിച്ച പ്രവൃത്തികളുടെ ഫൈനൽ മെഷർമെന്റ് എടുത്തശേഷം കരാറുകാരനെ വിടുതൽ ചെയ്യാനുള്ള റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകരിക്കുകയും ബാക്കി പ്രവൃത്തികളുടെ അളവുകൾ കണക്കാക്കി 2018-ലെ ഡി.എസ്.ആർ. പ്രകാരം

സാങ്കേതികാനുമതി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ബാക്കി പ്രവൃത്തികളുടെ തുക നിലവിൽ അനുവദിച്ച കിഫ്ബി തുകയിൽനിന്നും അധികമായതിനാൽ കിഫ്ബിയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത പ്രവൃത്തി ഒരു വർഷത്തിനകം പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

(5) മരങ്ങൾ മുറിക്കുന്നതിന് അനുമതി

ശ്രീ. പ്രമോദ് നാരായൺ: റാന്നി ഉൾപ്പെടെയുള്ള മലയോരമേഖലകളിലെ പട്ടയഭൂമിയിൽനിന്നും ജീവനും സ്വത്തിനും ഭീഷണിയായി നിൽക്കുന്ന മരങ്ങൾ മുറിക്കുന്നതിന് വനം-റവന്യൂ വകുപ്പുകൾ സംയുക്തമായി ഉത്തരവ് പുറപ്പെടുവിക്കണം.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): റാന്നി ഡിവിഷന്റെ പരിധിയിൽവരുന്ന വനാതിർത്തിയോട് ചേർന്ന പട്ടയ ഭൂമികളിൽ ജീവനും സ്വത്തിനും ഭീഷണിയുള്ള മരങ്ങൾ മുറിച്ചുമാറ്റി അപകട ഭീഷണി ഒഴിവാക്കാനും പ്രസ്തുത തടികൾ സർക്കാരിൽ നിക്ഷിപ്തമായവയാണെങ്കിൽ അവ ബന്തവസ്സിലെടുക്കാനും നടപടി സ്വീകരിച്ചുവരുന്നുണ്ട്. ഭവനനിർമ്മാണത്തിന് തടസ്സമായ മരങ്ങൾ മുറിച്ച് സർക്കാരിലേയ്ക്ക് മുതൽക്കൂട്ടുന്ന നടപടിയും നടന്നുകൊണ്ടിരിക്കുന്നു. ആദിവാസി സെറ്റിൽമെന്റിലെ ഭൂമിയിൽ കൈവശക്കാർ നട്ടുപിടിപ്പിച്ചിട്ടുള്ള

പ്ലാവ്, ആഞ്ഞിലി മുതലായ മരങ്ങൾ മുറിക്കുന്നതിന് വനാവകാശ കമ്മിറ്റിയുടെ അനുവാദം നൽകുന്നതാണ്. അടിയന്തര സാഹചര്യങ്ങളിൽ മരം മുറിക്കുന്നതിന് ഡിസാസ്റ്റർ മാനേജ്മെന്റ് നിയമം അനുശാസിക്കുന്ന അധികാരം ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട്. ടി വിഷയം വനം-റവന്യൂ വകുപ്പുകൾ സംയുക്തമായി ചർച്ച ചെയ്ത് വ്യക്തത വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(6) വഴിക്കടവ്-പരപ്പനങ്ങാടി റോഡ്

ശ്രീ. പി. കെ. ബഷീർ: മലപ്പുറം ജില്ലയിലെ നാടുകാണി മുതൽ പരപ്പനങ്ങാടി വരെയുള്ള റോഡ് നിർമ്മാണം പൂർത്തിയാക്കി ഗതാഗതയോഗ്യമാക്കുന്നതിനും ജില്ലയിലെ റോഡുകൾ റീ-ടാർ ചെയ്യുന്നതിന് ഫണ്ട് അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) : നാടുകാണി-പരപ്പനങ്ങാടി റോഡ് ഗതാഗതയോഗ്യമാക്കുന്നതിന്റെ ഭാഗമായി 400 കോടി രൂപയുടെ പദ്ധതി പ്രഖ്യാപിച്ചെങ്കിലും ഡി.എൽ.പി. (Defect Liability Period) മേഖലകളിൽ പ്രവൃത്തി നടത്തരുതെന്ന ധനകാര്യ വകുപ്പിന്റെ നിർദ്ദേശപ്രകാരം പ്രസ്തുത റോഡിലെ 66 കി.മീ. ഒഴിവാക്കി എസ്റ്റിമേറ്റ് പുതുക്കി പ്രവൃത്തി

നടത്തുകയാണുണ്ടായത്. ഒഴിവാക്കിയ ഭാഗങ്ങളിൽ പുനരുദ്ധാരണ പ്രവൃത്തി നടത്തുന്നതിന് 260 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയിട്ടുണ്ട്.

(7) വണ്ടിപ്പെരിയാർ-പശുമല-മ്ലാമല-തേങ്ങാക്കൽ റോഡ്

ശ്രീ. വാഴൂർ സോമൻ: വണ്ടിപ്പെരിയാർ-പശുമല-മ്ലാമല-തേങ്ങാക്കൽ റോഡിന്റെ അറ്റകുറ്റപ്പണികൾ നടത്തി ഗതാഗതയോഗ്യമാക്കാൻ ആവശ്യമായ ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): 2016-17-ലെ റിവൈസ്ഡ് ബഡ്ജറ്റിൽ പ്രഖ്യാപിക്കുകയും തുടർന്ന് ഭരണാനുമതി ലഭിക്കുകയും ചെയ്ത ചോട്ടുപാറ-ഉളുപ്പിണി-വണ്ടിപ്പെരിയാർ സത്രം റോഡ് പ്രായോഗികമല്ലെന്ന് കണ്ടെത്തിയതിനെത്തുടർന്ന് പദ്ധതിക്ക് കിഫ്ബി ധനാനുമതി നൽകിയിട്ടില്ല. 2022-23-ലെ ബഡ്ജറ്റിൽ പ്രസ്തുത റോഡിന്റെ പുനരുദ്ധാരണത്തിന് ടോക്കൺ പ്രൊവിഷൻ വകയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ വീണ്ടും തുക വകയിരുത്തണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് എം.എൽ.എ. നൽകിയ കത്തിന്റെ പകർപ്പ് തുടർനടപടികൾക്കായി പൊതുമരാമത്ത് വകുപ്പിന് നൽകിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ നടപടിക്രമങ്ങൾക്കനുസരിച്ച് തീരുമാനമെടുക്കുന്നതാണ്.

(8) ബ്രഹ്മപുരം ജൈവ മാലിന്യ പ്ലാന്റ്

ശ്രീ. ടി. ജെ. വിനോദ്: ബ്രഹ്മപുരത്ത് ഒരു കേന്ദ്രീകൃത ജൈവ മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): എറണാകുളം ജില്ലയിലെ മാലിന്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ പങ്കാളികളാക്കിക്കൊണ്ട് ക്ലസ്റ്റർ മാതൃകയിൽ ഒരു പദ്ധതി രൂപകൽപ്പന ചെയ്തിട്ടുണ്ട്. പൊതു-സ്വകാര്യ-പങ്കാളിത്തത്തോടെ നടപ്പാക്കുന്ന പ്രസ്തുത പദ്ധതിയിൽ കൊച്ചി കോർപ്പറേഷനുപുറമെ 13 മുനിസിപ്പാലിറ്റികൾകൂടി പങ്കാളികളാണ്. പദ്ധതിയുടെ നോഡൽ ഏജൻസിയായി കെ.എസ്.ഐ.ഡി.സി.-യെ ചുമതലപ്പെടുത്തുകയും എറണാകുളം ജില്ലയിലെ ഖരമാലിന്യം സംസ്കരിച്ച് ഊർജ്ജം ഉൽപ്പാദിപ്പിക്കുന്നതിനുള്ള പ്ലാന്റിന്റെ സ്വകാര്യ പങ്കാളിയെ കണ്ടെത്താനുള്ള ടെണ്ടർ നടപടികൾ കെ.എസ്.ഐ.ഡി.സി. പൂർത്തിയാക്കുകയും പദ്ധതി നടത്തിപ്പിനായി കൺസോർഷ്യത്തിനെ തെരഞ്ഞെടുക്കുകയും കൊച്ചി വേസ്റ്റ് മാനേജ്മെന്റ് പ്രൈവറ്റ് ലിമിറ്റഡ് എന്ന പേരിൽ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. സ്റ്റാറ്റ്യൂട്ടറി ക്ലിയറൻസ്, അപ്രൂവൽ എന്നിവ ലഭ്യമാക്കി ധനസമാഹരണ

നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് പദ്ധതിയുടെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

(9) തൊഴിലുറപ്പ് തൊഴിലാളികളുടെ വേതനം

ശ്രീ. അൻവർ സാദത്ത്: തൊഴിലുറപ്പ് തൊഴിലാളികളുടെ കുടിശ്ശിക വേതനം നൽകുന്നതിനും തൊഴിൽദിനവും ദിവസവേതനവും വർദ്ധിപ്പിക്കുന്നതിനും ക്ഷീരകർഷകരെക്കൂടി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിലെ അവിദഗ്ദ്ധ തൊഴിലാളികളുടെ കൂലി കേന്ദ്രസർക്കാരാണ് നൽകേണ്ടത്. കേന്ദ്രത്തിൽനിന്നും ഫണ്ട് ലഭിച്ചാൽ മാത്രമേ സമയബന്ധിതമായി വേതനം നൽകാൻ കഴിയുകയുള്ളൂ. ഈ സാമ്പത്തിക വർഷം 6 കോടി തൊഴിൽ ദിനങ്ങൾക്കാവശ്യമായ തുക മാത്രമാണ് ഒന്നാംഗഡുവായി കേന്ദ്രസർക്കാർ അനുവദിച്ചത്. ഇതിന്റെ ഫലമായി ഒക്ടോബർ മാസത്തോടെ തൊഴിലാളികൾക്കുള്ള വേതനം കുടിശ്ശികയാകുന്ന സാഹചര്യമുണ്ടായിട്ടുണ്ട്. കൂടുതൽ തൊഴിൽ ദിനങ്ങൾ അനുവദിക്കുന്നതിന് കേന്ദ്ര നിയമത്തിൽ മാറ്റം വരുത്തേണ്ടതുണ്ട്. തൊഴിലുറപ്പ് പദ്ധതിപ്രകാരം ഒരു പഞ്ചായത്തിൽ

ഇരുപത് വർക്ക് മാത്രമേ എടുക്കാൻ പാടുള്ളൂവെന്ന നിബന്ധന സർക്കാരിന്റെ സമ്മർദ്ദത്തിന്റെ ഫലമായി ഒഴിവാക്കിയിട്ടുണ്ട്. കേന്ദ്ര സർക്കാരിൽനിന്നും ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് അനുവദിച്ച തൊഴിൽ ദിനങ്ങളുടെ രണ്ടാം ഗഡു കുടിശ്ശിക കൊടുത്തുതീർക്കുന്നതാണ്. ആദിവാസി മേഖലയിൽ ട്രൈബൽ പ്ലസ് എന്ന പേരിൽ 200 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നുണ്ട്.

(10) ആധാരമെഴുത്ത് മേഖലയിലെ പ്രശ്നങ്ങൾ

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: ആധാരമെഴുത്ത് മേഖലയിൽ നടപ്പിലാക്കാനിരിക്കുന്ന ടെംപ്ലേറ്റ് മോഡൽ പരിഷ്കാരത്തിൽനിന്നും പിന്മാറുകയും സ്വയം ആധാരം എഴുതാമെന്ന നിയമം പിൻവലിക്കുകയും പരിചയസമ്പന്നരായ കൈപ്പട ലൈസൻസികൾക്ക് ആധാരം തയ്യാറാക്കൽ ലൈസൻസ് അനുവദിക്കുകയും ആധാരം എഴുത്തുഫീസ് പുതുക്കി നിശ്ചയിക്കുകയും വേണം.

സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): രജിസ്ട്രേഷൻ വകുപ്പിനെ കൂടുതൽ ജനകീയമാക്കാനും ആധാര ഭാഷയും രജിസ്ട്രേഷൻ നടപടിക്രമങ്ങളും ലളിതവത്കരിക്കണമെന്ന ഉദ്ദേശ്യത്തോടെയും 19 തരം ആധാര മാതൃകകൾ ലളിതവത്കരിച്ച് ഫോം തയ്യാറാക്കാൻ നികുതി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അധ്യക്ഷതയിൽ

ചേർന്ന യോഗത്തിൽ തീരുമാനിച്ചിരുന്നു. രജിസ്ട്രേഷൻ വകുപ്പിന്റെ പോർട്ടലിലെ ആപ്ലിക്കേഷന്റെ സഹായത്തോടെ ആധാരം തയ്യാറാക്കുന്ന രീതിയാണ് ടെംപ്ലേറ്റ് സംവിധാനംകൊണ്ട് ഉദ്ദേശിക്കുന്നത്. ഇതിനായി ലഭ്യമാക്കാൻ ഉദ്ദേശിക്കുന്ന മാതൃകാഫോം മാർഗ്ഗനിർദ്ദേശകം മാത്രമാണ്. കക്ഷികൾക്ക് ആധാരത്തിലെ വ്യവസ്ഥകളിലും കരാറുകളിലുമെല്ലാം ഇച്ഛാനുസരണം മാറ്റം വരുത്താവുന്നതാണ്. ടെംപ്ലേറ്റ് സംവിധാനത്തിലൂടെ തയ്യാറാക്കുന്ന ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്ന ദിവസംതന്നെ കക്ഷികൾക്ക് നൽകാൻ സാധിക്കുന്നതാണ്. സർക്കാർ നടപ്പിലാക്കാനുദ്ദേശിക്കുന്ന ഫോം രൂപത്തിലുള്ള ആധാരങ്ങളിലും നിലവിലേതുപോലെ ആധാരമെഴുത്ത് ലൈസൻസി, അഡ്വക്കേറ്റ്, കക്ഷികൾ എന്നിവർ ആധാരം തയ്യാറാക്കുന്ന രീതിയാണുള്ളതെന്നതിനാൽ ആധാരമെഴുത്തുകാരുടെ തൊഴിൽ നഷ്ടപ്പെടുമെന്ന ആശങ്കയ്ക്ക് അടിസ്ഥാനമില്ല.

## IV. അറിയിപ്പ്

<u>ഫിൻലാൻഡ് അംബാസഡറുടെ സഭാസന്ദർശനം</u>

<u>മി. സ്പീക്കർ</u>: ബഹു. മുഖ്യമന്ത്രി ഉൾപ്പെടെയുള്ള അഞ്ച് മന്ത്രിമാർ ഫിൻലാൻഡിൽ നടത്തിയ ഔദ്യോഗിക സന്ദർശനത്തിന്റെ തുടർച്ചയായി

ആ രാജ്യവുമായി വിവിധ രംഗങ്ങളിലുള്ള സഹകരണത്തിന് വേദിയൊരുക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ ചർച്ച ചെയ്യാനായി ഇന്ത്യയിലെ ഫിൻലാൻഡ് അംബാസഡറും ഉദ്യോഗസ്ഥരും സംസ്ഥാനം സന്ദർശിച്ചുവരികയാണ്. സഭാനടപടികൾ വീക്ഷിക്കാൻ ഡി.വി. ഗാലറിയിൽ എത്തിയിട്ടുള്ള അംബാസഡറെയും ഉദ്യോഗസ്ഥരെയും സ്വാഗതം ചെയ്യുന്നു.

## V. റിപ്പോർട്ടുകളുടെ സമർപ്പണം

2022-ലെ സർവ്വകലാശാലാ നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബില്ലും 2022-ലെ സർവ്വകലാശാലാ നിയമങ്ങൾ (ഭേദഗതി) (3-ാം നമ്പർ) ബില്ലും 2022-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി (ഭേദഗതി) ബില്ലും 2022-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) (2-ാം ഭേദഗതി) ബില്ലും 2022-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മിഷൻ ഭേദഗതി ബില്ലും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകൾ സമർപ്പിച്ചു.

പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ ഇരുപത്തിരണ്ട് മുതൽ ഇരുപത്തിയേഴ് വരെയുള്ള റിപ്പോർട്ടുകളും

അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ ഏഴാമത് റിപ്പോർട്ടും സമർപ്പിച്ചു.

## VI. നിയമനിർമ്മാണകാര്യം

### (1) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തര ഘട്ടങ്ങളും

### (i) 2022-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. അനൂപ് ജേക്കബ്: വിയോജിപ്പ് രേഖപ്പെടുത്തുന്നു. വെറ്ററിനറി സർവ്വകലാശാലയിൽ അധ്യാപക-അധ്യാപകേതര തസ്തികകളിലേയ്ക്കുള്ള നിയമനങ്ങളിൽ സംവരണതത്വം പാലിക്കാനുള്ള തീരുമാനം സ്വാഗതാർഹമാണ്. ഗവേഷണ മേഖലകളിൽ സംസ്ഥാനത്തെ സർവ്വകലാശാലകൾക്ക് എത്രമാത്രം മുന്നേറാൻ സാധിച്ചിട്ടുണ്ടെന്ന്

അവലോകനം നടത്തേണ്ടതുണ്ട്. നിരവധി സാധ്യതകളുള്ള വെറ്ററിനറി സർവ്വകലാശാലയിൽ 2015-നുശേഷം പുതിയ കോഴ്സുകൾ ആരംഭിച്ചിട്ടില്ല. വെറ്ററിനറി ഹോസ്പിറ്റലുകളിൽ സർജറി സൗകര്യങ്ങളൊരുക്കാനും വെറ്ററിനറി മെഡിസിന്റെ വിലവർദ്ധനവ് നിയന്ത്രിക്കാനും ലഭ്യത ഉറപ്പാക്കാനും കഴിയണം. ഡയറി സയൻസ് കോളേജുകൾക്ക് ഗവേഷണ കൗൺസിലിന്റെ അംഗീകാരം ലഭ്യമാക്കാനും വെറ്ററിനറി സർവ്വകലാശാലയുടെ സ്ഥലപരിമിതി പരിഹരിച്ച് മതിയായ ഭൗതിക സൗകര്യങ്ങളൊരുക്കാനും സുതാര്യത ഉറപ്പാക്കി അധ്യാപക-അധ്യാപകേതര തസ്തികകളിലേയ്ക്കുള്ള നിയമനം നടത്താനും നൂതന കോഴ്സുകൾ ആരംഭിക്കാനും നടപടി സ്വീകരിക്കണം.

<u>ശ്രീ. എം. വിൻസെന്റ്</u>: വിയോജിപ്പ് രേഖപ്പെടുത്തുന്നു. സർവ്വകലാശാലകളിലെ അധ്യാപക-അധ്യാപകേതര തസ്തികകളിലേയ്ക്കുള്ള നിയമനങ്ങളിൽ സംവരണ വ്യവസ്ഥകൾ ഏകീകരിക്കുന്നതിനായി നിയമ നിർമ്മാണം നടത്തുന്നതിനെ സ്വാഗതം ചെയ്യുന്നു. യു.ജി.സി. മാനദണ്ഡങ്ങൾക്ക് വിരുദ്ധമായ നടപടികളും ബന്ധുനിയമനങ്ങളുംകൊണ്ട് സർക്കാർ ഉന്നത വിദ്യാഭ്യാസ മേഖലയിൽ പ്രതിസന്ധി സൃഷ്ടിക്കുകയാണ്. സർവ്വകലാശാലകളിലെ നിയമനങ്ങൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിന്

ഏകീകൃത നടപടിക്രമമുണ്ടാകണം. സർവ്വകലാശാലകളുടെ പദ്ധതിയേതര വിഹിതം യഥാസമയം വർദ്ധിപ്പിച്ചുനൽകാനും സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന് അധികസഹായം ലഭ്യമാക്കാനും പെൻഷൻ പരിഷ്കരിക്കുന്നതിനും തെക്കൻ കേരളത്തിൽ ഗവേഷണ സ്ഥാപനങ്ങൾ ആരംഭിക്കാനും നടപടി സ്വീകരിക്കണം. ഉത്പാദനക്ഷമതയും ഗുണനിലവാരവുമുള്ള പുതിയ ഇനം പശുക്കൾക്കുവേണ്ടിയും പുതിയ തരം കന്നുകാലി തീറ്റകൾ കണ്ടെത്തുന്നതിനുംവേണ്ടിയുമുള്ള ഗവേഷണ പ്രവർത്തനങ്ങൾ നടത്താൻ സർവ്വകലാശാല തയ്യാറാകണം. സർവ്വകലാശാല നടത്തിയ ഗവേഷണങ്ങളെയും അതിന്റെ ഫലത്തെയും സംബന്ധിച്ച് ആഡിറ്റ് നടത്തണം.

ശ്രീ. കുറുക്കോളി മൊയ്തീൻ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. കാർഷികം, ക്ഷീരവികസനം, മൃഗസംരക്ഷണം എന്നീ മേഖലകളിൽ പ്രവർത്തിക്കുന്നവരുടെ പ്രയാസങ്ങൾ ദൂരീകരിക്കണം. മൃഗങ്ങൾക്കുണ്ടാകുന്ന പുതിയ രോഗങ്ങളടക്കമുള്ള വെല്ലുവിളികൾ നേരിടാൻ വെറ്ററിനറി സർവ്വകലാശാലയും അനുബന്ധ ഗവേഷണകേന്ദ്രങ്ങളുമുണ്ടായിട്ടും കഴിയാതെ പോകുന്നത് ദൗർഭാഗ്യകരമാണ്. ഇത്തരം സ്ഥാപനങ്ങളിൽ ഓഡിറ്റിംഗ് സംവിധാനമേർപ്പെടുത്തിയാൽ പ്രതീക്ഷിച്ച ലക്ഷ്യത്തിലെത്താൻ

സാധിക്കും. ഈ സർക്കാരിന്റെ കാലത്ത് വെറ്ററിനറി സർവ്വകലാശാലയിൽ യാതൊരു വികസനപ്രവർത്തനവും നടന്നിട്ടില്ലാത്തതിനാൽ അടിയന്തരമായി വൻസാമ്പത്തിക പ്രതിസന്ധിയിലായ സർവ്വകലാശാലയെ രക്ഷിക്കുവാനും സർവ്വകലാശാലയ്ക്ക് ഒരു ആസ്ഥാനം കണ്ടെത്തുവാനും കഴിയണം.

ഡോ. മാത്യു കുഴൽനാടൻ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. റിസർവ്വേഷൻ പാലിച്ചാണോ വെറ്ററിനറി സർവ്വകലാശാലയിൽ നാളിതുവരെ നിയമനങ്ങൾ നടന്നിട്ടുള്ളതെന്ന കാര്യം വ്യക്തമാക്കണം. സംസ്ഥാനത്ത് വിദ്യാഭ്യാസ മേഖലയിൽ നിലവാരത്തകർച്ച നേരിടുന്നതിനാലാണ് മറ്റ് സംസ്ഥാനങ്ങളിലേയ്ക്കും രാജ്യങ്ങളിലേയ്ക്കും വിദ്യാർത്ഥികൾ പഠനാർത്ഥം പോകുന്നത്. കാലഘട്ടത്തിനനുസരിച്ച് സർവ്വകലാശാലകളെയും കോഴ്സുകളെയും നവീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതോടൊപ്പം കരിക്കുലം പുതുക്കാനും കാലഹരണപ്പെട്ട കോഴ്സുകൾക്ക് പകരമായി പുതുതലമുറ കോഴ്സുകൾ ആരംഭിക്കാനും നടപടി സ്വീകരിക്കണം.

ശ്രീ. വി. ജോയി ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. ഒ. ആർ. കേളു: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. മൃഗസംരക്ഷണ മേഖലയിലെ വിവിധ വിഷയങ്ങളിൽ ക്രിയാത്മകമായ ഇടപെടലുകൾ വെറ്ററിനറി സർവ്വകലാശാല നടത്തുന്നുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് വന്യമൃഗങ്ങളെ പരിശീലിപ്പിക്കാനും ഇടപഴകാനും കഴിയുന്ന വിധത്തിൽ തൊഴിലധിഷ്ഠിത കോഴ്സുകൾ നടത്താൻ സാധിച്ചത് സർക്കാരിന്റെ നേട്ടമാണ്. വെറ്ററിനറി സർവ്വകലാശാലയിലെ 20-ഓളം വകുപ്പുകളും അദ്ധ്യാപക തസ്തികകളും ഏകീകരിച്ച് നിയമനം നടത്തുന്നതിലൂടെ സംവരണതത്വം പാലിച്ച് ആനുകൂല്യം ലഭ്യമാക്കാൻ ഈ ബില്ലിലൂടെ സാധിക്കുന്നതാണ്. നായ്ക്കളുടെ വന്ധ്യംകരണവുമായി ബന്ധപ്പെട്ട് ക്രിയാത്മകമായ ഇടപെടലാണ് നടത്തിക്കൊണ്ടിരിക്കുന്നത്.

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാലയ്ക്ക് കേന്ദ്ര കാർഷിക ഗവേഷണ കൗൺസിലിന്റെ റാങ്കിംഗിൽ അഖിലേന്ത്യാതലത്തിൽ മൂന്നാം സ്ഥാനം കരസ്ഥമാക്കാനും മികച്ച

സർവ്വകലാശാലയ്ക്കുള്ള ചാൻസലർ ട്രോഫി നേടാനും സാധിച്ചത് അഭിമാനാർഹമാണ്. പക്ഷിമൃഗാദികളിലുണ്ടാകുന്ന രോഗങ്ങൾക്കെതിരെ വാക്സിൻ വികസിപ്പിക്കാനും കർഷകർക്ക് മികച്ച ഇനം വളർത്തുമൃഗങ്ങളെ ലഭ്യമാക്കാനും സാധിച്ചിട്ടുണ്ട്. സർവ്വകലാശാലകളിലെ ഉന്നത പദവികളിൽ സുതാര്യമായി നിയമനപ്രക്രിയയിലൂടെ സ്ഥിരം മേധാവികളെയും അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരെയും നിയമിക്കാനും പെൻഷൻകാർക്ക് സ്മാർട്ട് കാർഡ് ലഭ്യമാക്കാനും കഴിഞ്ഞിട്ടുണ്ട്. സർവ്വകലാശാലയിൽ പാലുൽപ്പന്നങ്ങൾ നിർമ്മിക്കുന്ന സംരംഭങ്ങൾ തുടങ്ങുകയും അരുമ മൃഗങ്ങൾക്കുള്ള തീറ്റഫാക്ടറി സ്ഥാപിച്ച് തനതു വരുമാനം നേടാനുമായിട്ടുണ്ട്. വെറ്ററിനറി ഡോക്ടർമാരുടെ അഭാവം പരിഹരിക്കാനും ഡയറി സയൻസ് കോളേജ് സ്ഥാപിക്കുന്നതിന് 32 ഏക്കർ സ്ഥലം ഏറ്റെടുക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്. വിവിധ രോഗങ്ങൾക്കുള്ള വാക്സിൻ വികസിപ്പിക്കുകയും പന്നിപ്പനി, പക്ഷിപ്പനി, ആന്ത്രാക്സ് രോഗങ്ങൾക്കുള്ള രോഗപ്രതിരോധ മാർഗ്ഗങ്ങൾ കണ്ടുപിടിക്കുകയും സങ്കരയിനം പശുക്കളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. പച്ചപ്പുൽകൃഷി വ്യാപിപ്പിക്കുന്നതിന് ഹെക്ടറിന് 16,000 രൂപ സബ്സിഡി ഏർപ്പെടുത്തി. സംസ്ഥാനത്തെ സർവ്വകലാശാലകളിലെ അദ്ധ്യാപകരുടെയും

അനദ്ധ്യാപകരുടെയും മറ്റ് ജീവനക്കാരുടെയും നിയമനങ്ങളിലെ സംവരണവും സാമുദായികക്രമവും സംബന്ധിച്ച് മറ്റ് സർവ്വകലാശാല ആക്ടിലെ വ്യവസ്ഥകളുമായി ഐക്യരൂപം കൈവരിക്കുന്നതിനായി 2014-ലെ സർവ്വകലാശാല നിയമങ്ങൾ (2-ാം ഭേദഗതി) ആക്ടിനനുസൃതമായി 2010-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല ആക്ടിലെ 58-ാം വകുപ്പ് ഭേദഗതി ചെയ്യുന്നതിലേയ്ക്കാണ് ഈ ബിൽ അവതരിപ്പിച്ചിരിക്കുന്നത്. ബിൽ പരിഗണനയ്ക്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>രണ്ടാം വകുപ്പ്</u>

106, 107, 108 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

105-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): 2022-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2022-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

(ii) <u>2022-ലെ കേരള ഹൈക്കോടതി സർവ്വീസുകൾ (വിരമിക്കൽ പ്രായം നിജപ്പെടുത്തൽ) ഭേദഗതി ബിൽ</u>

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (<u>ശ്രീ. പി. രാജീവ്</u>): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള ഹൈക്കോടതി സർവ്വീസുകൾ (വിരമിക്കൽ പ്രായം നിജപ്പെടുത്തൽ) ഭേദഗതി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. ഇ. കെ. വിജയൻ ചുമതലപ്പെടുത്തിയതുപ്രകാരം <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള ഹൈക്കോടതി സർവ്വീസുകൾ (വിരമിക്കൽ പ്രായം നിജപ്പെടുത്തൽ)

ഭേദഗതി ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള ഹൈക്കോടതി സർവ്വീസുകൾ (വിരമിക്കൽ പ്രായം നിജപ്പെടുത്തൽ) ഭേദഗതി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

രണ്ടാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

106. In Section 2, proposed tobe amended in the Principal Act by Clause 2, for the word " he" the words, " he or she" shall be substituted wherever it occures.

107-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

107. In section 2, proposed to be amended in the Principal Act by Clause 2 before the words " National Pension System" the word " the" shall be inserted.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഒന്നാം വകുപ്പും പീഠികയും പേരും</u>

105-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

105. In the preamble after the figures " 2008, the symbol, figures and word " (34 of 2008)" shall be added.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): 2022-ലെ കേരള ഹൈക്കോടതി സർവ്വീസുകൾ (വിരമിക്കൽ പ്രായം നിജപ്പെടുത്തൽ) ഭേദഗതി ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2022-ലെ കേരള ഹൈക്കോടതി സർവ്വീസുകൾ (വിരമിക്കൽ പ്രായം നിജപ്പെടുത്തൽ) ഭേദഗതി ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ ഐകകണ്ഠ്യേന പാസ്സാക്കി.

(iii) 2022-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ബിൽ

(iv) 2022-ലെ കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് (ഭേദഗതി) ബിൽ

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ബിൽ, 2022-ലെ കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് (ഭേദഗതി) ബിൽ എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: വിയോജിപ്പ് രേഖപ്പെടുത്തുന്നു. രണ്ട് ബില്ലുകളിലെയും വ്യവസ്ഥകളോട് വിയോജിപ്പില്ലെങ്കിലും രണ്ട് വ്യവസായമേഖലകളും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് കാരണമായ സർക്കാർ നയത്തോട് വിയോജിപ്പാണുള്ളത്. കേരളത്തിൽ ആഭ്യന്തര ഉൽപ്പാദന വർദ്ധനവിനാവശ്യമായ അനുകൂല ഘടകങ്ങൾ ധാരാളമുണ്ടെങ്കിലും അവ പ്രയോജനപ്പെടുത്തുന്നതിൽ സർക്കാർ പരാജയപ്പെട്ടിരിക്കുകയാണ്. എം.എസ്.എം.ഇ.-കളെ നിലനിർത്താനാവശ്യമായ നടപടി സ്വീകരിക്കാത്തത് ഖേദകരമാണ്. 2020-ലെ ആഗോള നിക്ഷേപക സംഗമത്തിൽ ധാരണാപത്രം ഒപ്പിട്ട 165 പദ്ധതികളിൽ 6 പദ്ധതികൾ

മാത്രമാണ് നടപ്പാക്കാൻ സാധിച്ചത്. വ്യവസായങ്ങൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കാത്തതിനാൽ പലതും അന്യസംസ്ഥാനങ്ങളിലേയ്ക്ക് മാറ്റിസ്ഥാപിക്കുകയാണ്. വ്യവസായങ്ങൾ ആരംഭിക്കാത്തവരിൽനിന്ന് ഭൂമി തിരിച്ചെടുത്ത് താല്പര്യമുള്ള സംരംഭകർക്ക് നൽകാനും പ്രവർത്തന മൂലധനം ഉറപ്പുവരുത്തി ട്രാക്കോ കേബിൾ കമ്പനി നിലനിർത്താനും സിമന്റിന്റെ വിലക്കയറ്റം നിയന്ത്രിക്കുന്നതിൽ പ്രധാന പങ്കുവഹിക്കുന്ന മലബാർ സിമന്റ്സിന്റെ പ്ലാന്റ് കൊച്ചി തുറമുഖത്ത് ആരംഭിക്കാനും നടപടി സ്വീകരിക്കണം. ഒരു റിയൽ എസ്റ്റേറ്റ് കമ്പനി മാത്രമായി സ്മാർട്ട് സിറ്റി മാറാതിരിക്കാൻ ശ്രദ്ധിക്കണം. സംരംഭകരുടെ ഉല്പന്നങ്ങൾക്ക് ആഗോളവിപണി കണ്ടെത്തുന്നതിനായി രൂപീകരിച്ച കേരള ഇ-മാർക്കറ്റ് പോർട്ടൽകൊണ്ട് ഉദ്ദേശിച്ച ഫലമുണ്ടായിട്ടില്ല. വർദ്ധിച്ച പലിശനിരക്കും സങ്കീർണ്ണമായ നടപടിക്രമങ്ങളും കാരണം വായ്പയ്ക്കായി സർക്കാർ ധനകാര്യ സ്ഥാപനങ്ങളെ ആശ്രയിക്കാൻ എം.എസ്.എം.ഇ.-കൾക്ക് കഴിയുന്നില്ലെന്നത് നിർഭാഗ്യകരമാണ്.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: വിയോജിപ്പ് രേഖപ്പെടുത്തുന്നു. കേരളത്തിലെ കശുവണ്ടി വ്യവസായം വലിയ പ്രതിസന്ധി നേരിടുകയാണ്. 95 ശതമാനത്തിലധികം സ്ത്രീത്തൊഴിലാളികൾ പണിയെടുക്കുന്ന ഈ

മേഖലയിൽ നിരവധി ഫാക്ടറികൾ പൂട്ടിക്കിടക്കുന്നതുമൂലം ഒരു ലക്ഷത്തോളം ആളുകൾക്ക് തൊഴിൽ നഷ്ടമാവുകയും 6 വ്യവസായികൾ ആത്മഹത്യ ചെയ്യുകയും ചെയ്തിട്ടുണ്ട്. പല ഘട്ടങ്ങളിലായി 65 കോടി രൂപയുടെ ധനസഹായം സർക്കാർ പ്രഖ്യാപിച്ചുവെങ്കിലും ചെറിയ തുക മാത്രമാണ് വിതരണം ചെയ്തത്. സർക്കാർ ഉത്തരവ് പാലിക്കാൻ ബാങ്കുകൾ തയ്യാറാകാത്തതിനാൽ special OTS പദ്ധതി നടപ്പാക്കാൻ സാധിക്കാത്ത സാഹചര്യമാണുണ്ടായത്. കശുവണ്ടിത്തൊഴിലാളികളുടെ കൂലി പുതുക്കി നിശ്ചയിക്കുന്നതിനും മേഖലയെ സംരക്ഷിക്കുന്നതിനും അടിയന്തര ഇടപെടലുണ്ടാകണം. മുൻകാലങ്ങളിൽ കശുവണ്ടിത്തൊഴിലാളികൾക്ക് വാർദ്ധക്യകാല പെൻഷൻ, വിധവാ പെൻഷൻ, ക്ഷേമനിധി പെൻഷൻ എന്നിവ ലഭിച്ചുകൊണ്ടിരുന്ന സ്ഥാനത്ത് ഇപ്പോൾ ഒരു പെൻഷൻ മാത്രമെ അനുവദിക്കുന്നുള്ളൂ. ക്ഷേമനിധി പെൻഷൻ വാങ്ങുന്നതിന്റെ പേരിൽ അർഹതപ്പെട്ട സാമൂഹ്യക്ഷേമ പെൻഷൻ നിഷേധിക്കുന്നത് മനുഷ്യത്വവിരുദ്ധമാണ്. പെൻഷൻ വെട്ടിക്കുറച്ച നടപടി പുന:പരിശോധിക്കണം.

<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: 2022-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ബിൽ പൊതുജനാഭിപ്രായം

നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. സർക്കാർ നടത്തുന്ന കശുവണ്ടി ഫാക്ടറികൾ വർഷങ്ങളായി നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. കഴിഞ്ഞ ഏഴ് വർഷത്തിനിടയിൽ 1500-ഓളം ഫാക്ടറികൾ ഇന്ത്യയിൽ പൂട്ടിയിട്ടുണ്ട്. ഗുണമേന്മയുള്ള കശുവണ്ടി തെരഞ്ഞെടുക്കുന്നതിന് ശാസ്ത്രീയമായ രീതി അവലംബിക്കണം.

ശ്രീ. കെ. ആൻസലൻ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. വി. ജോയി: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട ഭേദഗതിയാണ് സഭയിൽ അവതരിപ്പിച്ചിരിക്കുന്നത്. കശുവണ്ടി മേഖലയിൽ തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കുന്നതിനും ആധുനികവത്കരണവും യന്ത്രവത്കരണവും നടപ്പാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. കശുവണ്ടി തൊഴിലാളികൾക്ക് ഇ.എസ്.ഐ. ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം. പൂട്ടിക്കിടക്കുന്ന സ്വകാര്യ കശുവണ്ടി ഫാക്ടറികൾ തുറന്നുപ്രവർത്തിപ്പിക്കുന്നതിന് പാക്കേജ് രൂപീകരിക്കാനുള്ള തീരുമാനം സ്വാഗതാർഹമാണ്.

ശ്രീ. സണ്ണി ജോസഫ്: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള ഖാദി-ഗ്രാമ വ്യവസായ ബോർഡ് (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. പരുത്തിയുടെ ദൗർലഭ്യം പരിഹരിച്ച് ഉല്പാദനത്തോത് വർദ്ധിപ്പിക്കുകയും ഖാദി കമ്മീഷന്റെ സബ്സിഡി പുന:സ്ഥാപിക്കുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുകയും വേണം. സംസ്ഥാന സർക്കാർ നൽകാനുള്ള റിബേറ്റ് കുടിശികയും പ്രൊഡക്ഷൻ ഇൻസെന്റീവും വേതന കുടിശികയും നൽകാൻ അടിയന്തര നടപടി സ്വീകരിക്കണം. തൊഴിലാളികളുടെ ശമ്പളവും ആനുകൂല്യങ്ങളും കാലാനുസൃതമായി വർദ്ധിപ്പിക്കുകയും സബ്സിഡി നിലനിർത്താനുള്ള നടപടി സ്വീകരിക്കുകയും വേണം. കുഷ്ഠരോഗം ബാധിച്ചവർക്കും ബധിര-മൂകർക്കും ഖാദി ഗ്രാമ വ്യവസായ ബോർഡിൽ അംഗമാകുന്നതിനുള്ള അയോഗ്യത സുപ്രീംകോടതി വിധിയെ തുടർന്നും നിയമപരിഷ്കരണ കമ്മീഷന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലും മാറ്റുന്നതിനാണ് ഈ ഭേദഗതി ബിൽ കൊണ്ടുവന്നിരിക്കുന്നത്. ഖാദി പ്രസ്ഥാനവും തൊഴിലാളികളും നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള ഖാദി-ഗ്രാമ വ്യവസായ ബോർഡ് (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കുഷ്ഠരോഗികൾക്കും ബധിര-മൂകർക്കും ഖാദി ഗ്രാമ വ്യവസായ ബോർഡിൽ അംഗമാകുന്നതിനുള്ള അയോഗ്യത നീക്കുന്ന ഭേദഗതി സ്വാഗതാർഹമാണ്. സംസ്ഥാന സർക്കാരിന്റെ പ്രതിബദ്ധതയോടെയുള്ള നിലപാടുകളും നയങ്ങളും ഖാദി മേഖലയിലെ വില്പന വർദ്ധനവിനും പ്രവർത്തന വിപുലതയ്ക്കും കാരണമായിട്ടുണ്ട്. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് മാനദണ്ഡങ്ങൾ കേരളം വ്യവസായ സൗഹൃദമാണെന്നതിന് തെളിവാണ്. പരമ്പരാഗത തൊഴിൽ മേഖലകളെ സംരക്ഷിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന നയമാണ് ഈ സർക്കാർ സ്വീകരിക്കുന്നത്. ഖാദി ബോർഡിനുകീഴിൽ നടപ്പാക്കുന്ന തേൻ ഗ്രാമം പദ്ധതിയും പരുത്തികൃഷിയുടെ പ്രോത്സാഹനവും കാർഷിക മേഖലയ്ക്ക് ആശ്വാസകരമാണ്. ഡോക്ടർമാരുടെയും പോലീസിന്റെയും യൂണിഫോം ഖാദി വസ്ത്രങ്ങളിലേയ്ക്ക് മാറ്റണമെന്ന നിർദ്ദേശം സ്വാഗതാർഹമാണ്. ഖാദി മേഖല ആധുനികവൽക്കരിക്കാനുള്ള നടപടികൾ മാതൃകാപരവും ശ്ലാഘനീയവുമാണ്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): ബുധനാഴ്ചകളിൽ സർക്കാർ/പൊതുമേഖലാ ജീവനക്കാർ ഖാദി വസ്ത്രം ധരിക്കണമെന്ന നിർദ്ദേശം ഖാദി മേഖലയിൽ മാറ്റമുണ്ടാക്കിയിട്ടുണ്ട്. ഈ വർഷം ഒക്ടോബർ മാസം വരെ 41 കോടി 50 ലക്ഷം രൂപയുടെ വിറ്റുവരവുണ്ടായിട്ടുണ്ട്; 100 കോടി രൂപയുടെ റിക്കാർഡ് വില്പനയിൽ എത്തിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഖാദി മേഖലയിലെ അസംസ്കൃത വസ്തുക്കളുടെ വിലക്കയറ്റം നേരിടുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ഇൻകം സപ്പോർട്ടായി ഖാദി മേഖലയ്ക്ക് ഇതുവരെ 15 കോടി രൂപ കൊടുത്തിട്ടുണ്ട്. ഖാദി മേഖലയുടെ നവീകരണവുമായി ബന്ധപ്പെട്ട് ഐ.ഐ.ടി. പഠനം നടത്തിയിട്ടുണ്ട്. ഹരിത ഖാദി സംവിധാനത്തിന്റെ സാധ്യതകൾ പരിശോധിക്കുന്നതാണ്. ഖാദി ഷോപ്പുകളോടനുബന്ധിച്ച് ഡിസൈനർമാരുടെ സേവനവും ലോൺട്രി സർവ്വീസും ഏർപ്പെടുത്തിയിട്ടുണ്ട്. ആരോഗ്യമേഖലയിലെ ഡോക്ടർമാർ, നഴ്സുമാർ, പാരാമെഡിക്കൽ സ്റ്റാഫ് എന്നിവരുടെ യൂണിഫോം ഖാദിയാക്കുകയും എല്ലാ സർക്കാർ ഓഫീസുകളിലും ഖാദി വസ്ത്രം വ്യാപകമാക്കുന്നതിന് കാമ്പയിൻ നടത്തുകയും ചെയ്തിട്ടുണ്ട്.

കശുവണ്ടി മേഖലയിലെ ഗ്രാറ്റുവിറ്റി കുടിശ്ശിക പൂർണ്ണമായും കൊടുത്തുതീർക്കുകയും അടഞ്ഞുകിടന്ന കശുവണ്ടി ഫാക്ടറികൾ നിയമനിർമ്മാണത്തിലൂടെ ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. കശുവണ്ടി വ്യവസായികൾ ബാങ്കിൽനിന്നെടുത്ത വായ്പയ്ക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിപ്രകാരം ഇളവനുവദിച്ചിട്ടുണ്ട്. ഉൽപ്പാദനച്ചെലവ് കുറയ്ക്കുകയും പ്രോസസിംഗ് രീതി ആധുനികവത്കരിക്കുകയും ചെയ്താൽ മാത്രമേ കശുവണ്ടി മേഖലയിലെ അടിസ്ഥാന പ്രശ്നം പരിഹരിക്കപ്പെടുകയുള്ളൂ. 2 പ്രൊഫഷണലുകളെ ബോർഡിൽ ഉൾപ്പെടുത്തുകയും ഓരോ വർഷത്തെയും ഓഡിറ്റ് റിപ്പോർട്ട് സമർപ്പിക്കാനാവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. സ്വകാര്യ മേഖലയിൽ നിലവിൽ പ്രവർത്തിക്കുന്ന കശുവണ്ടി വ്യവസായത്തെ സംരക്ഷിക്കുന്നതിന് 30 കോടി രൂപയുടെ സഹായം നൽകുന്നതാണ്. കശുവണ്ടി മേഖലയിലെ സ്ത്രീത്തൊഴിലാളികളെ സംരക്ഷിക്കുന്നതിനും പ്രസ്തുത വ്യവസായത്തെ ആധുനികവത്കരിക്കുന്നതിനുമാണ് ശ്രമിക്കുന്നത്. ഒരുവർഷംകൊണ്ട് ഒരു ലക്ഷം സംരംഭങ്ങൾ ലക്ഷ്യമിട്ട് 101764 എണ്ണം എട്ട് മാസംകൊണ്ട് ആരംഭിക്കുകയും 6302.26 കോടി രൂപയുടെ ഇൻവെസ്റ്റുമെന്റുണ്ടാക്കുകയും 221358 തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തത് ചരിത്രനേട്ടമാണ്. പത്ത് പഞ്ചായത്തുകൾ നൂറ് ശതമാനത്തിലേറെ

ടാർജറ്റ് കൈവരിച്ചിട്ടുണ്ട്. എം.എസ്.എം.ഇ.-കളുടെ കാര്യത്തിൽ നല്ലരീതിയിലുള്ള മുന്നേറ്റമുണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. 2022-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ ) ഭേദഗതി ബിൽ, 2022-ലെ കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് (ഭേദഗതി) ബിൽ എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2022-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ ) ഭേദഗതി ബിൽ, 2022-ലെ കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് (ഭേദഗതി) ബിൽ എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബില്ലുകൾ പരിഗണനയ്ക്കെടുത്തു.

## 2022-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ ) ഭേദഗതി ബിൽ

### രണ്ടാം വകുപ്പ്

106-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

106. In clause 2(ii) after the words " after the words" , the symbol and words " , symbols and figure" may be added.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

ബില്ലിന്റെ തത്വപ്രഖ്യാപന വാക്യത്തിൽ "Seventy third" എന്ന വാക്കുകൾക്കിടയിൽ "-" എന്ന ചിഹ്നം ചേർക്കേണ്ടതാണ്.

105-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്):2022-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): പ്രമേയത്തെ പിന്താങ്ങുന്നു.

2022-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

2022-ലെ കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് (ഭേദഗതി) ബിൽ

രണ്ടാം വകുപ്പ്

(ഭേദഗതിയില്ല)

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

105-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): 2022-ലെ കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): പ്രമേയത്തെ പിന്താങ്ങുന്നു.

2022-ലെ കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

## (2) 2022-ലെ കേരള പൊതുവില്പന നികുതി (ഭേദഗതി) ബില്ലിന്റെ പരിഗണനയും അനന്തരഘട്ടങ്ങളും

ശ്രീ. പി. സി. വിഷ്ണുനാഥ്: ബില്ലിനെ എതിർക്കുന്നു. മദ്യ നിർമ്മാണ കമ്പനികൾക്ക് ടേണോവർ ടാക്സ് ഒഴിവാക്കി 170 കോടി രൂപയുടെ ലാഭമുണ്ടാക്കാൻ അവസരമൊരുക്കിക്കൊടുത്തശേഷം വിലവർദ്ധന ഉപഭോക്താക്കളിൽ അടിച്ചേൽപ്പിക്കാനുള്ള തീരുമാനം അംഗീകരിക്കാൻ കഴിയില്ല. മദ്യത്തിന്റെ വൻതോതിലുള്ള വിലവർദ്ധന

മയക്കുമരുന്നുൾപ്പെടെയുള്ള അപകടകരമായ ലഹരി വസ്തുക്കളുടെ ഉപഭോഗത്തിനിടയാക്കും. ഇന്ത്യൻ നിർമ്മിത വിദേശ മദ്യ കമ്പനികൾക്ക് നാല് ശതമാനം വില്പന നികുതി വർദ്ധിപ്പിക്കാനുള്ള തീരുമാനം സ്വീകാര്യമല്ല.

ശ്രീ. കെ. ബാബു (നെന്മാറ): ബില്ലിനെ അനുകൂലിക്കുന്നു. ടേണോവർ ടാക്സിന്റെ കാര്യത്തിൽ നിലനിൽക്കുന്ന അസമത്വം ഒഴിവാക്കുന്നതിനുവേണ്ടിയാണ് ഈ ബിൽ അവതരിപ്പിച്ചിട്ടുള്ളത്. മദ്യത്തിന്റെ ഉല്പാദനച്ചെലവിലുണ്ടായ വർദ്ധനമൂലം അടച്ചുപൂട്ടലിന്റെ വക്കിലായ ഡിസ്റ്റിലറികളെ സംരക്ഷിക്കുന്നതിനുവേണ്ടിയാണ് വില വർദ്ധിപ്പിക്കുന്നത്.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): വിശദമായ പരിശോധനയ്ക്കുശേഷം അവധാനതയോടുകൂടി കൊണ്ടുവന്നിട്ടുള്ള ബില്ലാണിത്. അഞ്ച് ശതമാനം ടേണോവർ ടാക്സ് പിൻവലിച്ച് നാല് ശതമാനം വില്പനനികുതി ഏർപ്പെടുത്തുന്നതിലൂടെ നാമമാത്രമായ വില വർദ്ധനവാണുണ്ടാകുന്നത്. കുറഞ്ഞ ഇനം മദ്യത്തിന് വില വർദ്ധിക്കുന്നില്ല. ചില ബ്രാൻഡുകൾക്ക് പരമാവധി 20/- രൂപയാണ് വില വർദ്ധിക്കുന്നത്. ഉല്പാദനച്ചെലവ് വർദ്ധിച്ചതിനാൽ പല ഡിസ്റ്റിലറികളും

ഉല്പാദനം നിർത്തിവച്ചത് തൊഴിൽ നഷ്ടത്തിനും വ്യാജമദ്യവിപണനത്തിനും ഇടയാക്കുമെന്നതിനാലാണ് ഇത്തരത്തിലൊരു തീരുമാനമെടുത്തത്. അസമത്വം ഒഴിവാക്കുന്നതിനുവേണ്ടിയാണ് വിദേശമദ്യം ഉല്പാദിപ്പിക്കുന്ന സംസ്ഥാനത്തെ ഡിസ്റ്റിലറികൾക്ക് ടേണോവർ ടാക്സ് ഒഴിവാക്കി നൽകാൻ തീരുമാനിച്ചത്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): എക്സ്ട്രാ ന്യൂട്രൽ ആൽക്കഹോൾ പെട്രോളിൽ ചേർക്കാൻ തുടങ്ങിയതിന്റെ ഫലമായി ആൽക്കഹോളിന്റെ വില വർദ്ധിക്കുകയും മദ്യോല്പാദനം നഷ്ടത്തിലാവുകയും ചെയ്തതിനാൽ കമ്പനികൾ ഉത്പാദനം നിർത്തിയത് നികുതി വരുമാനത്തിലും മദ്യലഭ്യതയിലും കുറവ് വരുത്തുകയുണ്ടായി. മദ്യലഭ്യതക്കുറവ് വ്യാജ മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും വ്യാപനത്തിനിടയാക്കുന്നതാണ്. ക്യാബിനറ്റിലും സെക്രട്ടറിതലത്തിലും ചർച്ച ചെയ്തശേഷമാണ് മദ്യത്തിന്റെ നികുതി വർദ്ധിപ്പിക്കാൻ തീരുമാനിച്ചത്. നികുതി 4% വർദ്ധിപ്പിച്ചാലും വിലയിൽ രണ്ട് ശതമാനത്തിന്റെ വ്യത്യാസം മാത്രമാണുണ്ടാകുന്നത്. കഴിഞ്ഞ രണ്ടുവർഷത്തിനിടയിൽ മദ്യത്തിന്റെ അടിസ്ഥാന വിലയിൽ വർദ്ധനവ് വരുത്തിയിട്ടില്ല. ബിൽ പരിഗണനയ്ക്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

2022-ലെ കേരള പൊതുവില്പന നികുതി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>രണ്ടാം വകുപ്പ്</u>

(ഭേദഗതിയില്ല)

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഒന്നാം വകുപ്പും പീഠികയും പേരും</u>

(ഭേദഗതിയില്ല)

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>): 2022-ലെ കേരള പൊതുവില്പന നികുതി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (<u>ശ്രീ. എം. ബി. രാജേഷ്</u>): പ്രമേയത്തെ പിന്താങ്ങുന്നു.

2022-ലെ കേരള പൊതുവിൽപ്പന നികുതി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ ശബ്ദവോട്ടോടെ പാസ്സാക്കി.

## (3) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും അനന്തരഘട്ടങ്ങളും: (ചർച്ചയില്ല)

(i) 2022-ലെ കേരള ഡെക്കാൻ അഗ്രികൾച്ചറിസ്റ്റ്സ് റിലീഫ് (റദ്ദാക്കൽ) ബിൽ

**പ്രമേയം**

ചട്ടം സസ്പെൻഡ് ചെയ്യുന്നത് സംബന്ധിച്ച്

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): "ഇന്ന് സഭ മുമ്പാകെ അവതരിപ്പിക്കുന്ന 2022-ലെ ഡെക്കാൻ അഗ്രികൾച്ചറിസ്റ്റ്സ് റിലീഫ് (റദ്ദാക്കൽ) ബിൽ അവതരണത്തിനുശേഷം ഇന്നുതന്നെ പരിഗണനയ്ക്കെടുക്കുന്നതിലേയ്ക്കായി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 76, 77, 237 എന്നിവയിലെ ബന്ധപ്പെട്ട വ്യവസ്ഥകൾ താൽക്കാലികമായി സസ്പെന്റ് ചെയ്യുന്നതിന് ഈ സഭ തീരുമാനിക്കുന്നു" എന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): പ്രമേയത്തെ പിന്താങ്ങുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): 2022-ലെ കേരള ഡെക്കാൻ അഗ്രികൾച്ചറിസ്റ്റ്സ് റിലീഫ് (റദ്ദാക്കൽ) ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): 2022-ലെ കേരള ഡെക്കാൻ അഗ്രികൾച്ചറിസ്റ്റ്സ് റിലീഫ് (റദ്ദാക്കൽ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): പ്രമേയത്തെ പിന്താങ്ങുന്നു.

2022-ലെ കേരള ഡെക്കാൻ അഗ്രിക്കൾച്ചറിസ്റ്റ്സ് റിലീഫ് (റദ്ദാക്കൽ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു

ബിൽ പരിഗണനയ്ക്കെടുത്തു.

രണ്ടും മൂന്നും വകുപ്പുകൾ

(ഭേദഗതിയില്ല)

രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല)

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): 2022-ലെ കേരള ഡെക്കാൻ അഗ്രികൾച്ചറിസ്റ്റ്സ് റിലീഫ് (റദ്ദാക്കൽ) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): പ്രമേയത്തെ പിന്താങ്ങുന്നു.

2022-ലെ കേരള ഡെക്കാൻ അഗ്രികൾച്ചറിസ്റ്റ്സ് റിലീഫ് (റദ്ദാക്കൽ) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ ഐകകണ്ഠ്യേന പാസ്സാക്കി.

(ii) 2021-ലെ കേരള തോട്ടം ഭൂമി നികുതി (റദ്ദാക്കൽ) ബിൽ

**പ്രമേയം**

ചട്ടം സസ്പെൻഡ് ചെയ്യുന്നത് സംബന്ധിച്ച്

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): "ഇന്ന് സഭ മുമ്പാകെ അവതരിപ്പിക്കുന്ന 2021-ലെ കേരള തോട്ടം ഭൂമി നികുതി

(റദ്ദാക്കൽ) ബിൽ അവതരണത്തിനുശേഷം ഇന്നുതന്നെ പരിഗണനയ്ക്കെടുക്കുന്നതിലേയ്ക്കായി, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 76, 77, 237 എന്നിവയിലെ ബന്ധപ്പെട്ട വ്യവസ്ഥകൾ താൽക്കാലികമായി സസ്പെന്റ് ചെയ്യുന്നതിന് ഈ സഭ തീരുമാനിക്കുന്നു" എന്ന പ്രമേയം അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): പ്രമേയത്തെ പിന്താങ്ങുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): 2021-ലെ കേരള തോട്ടം ഭൂമി നികുതി (റദ്ദാക്കൽ) ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): 2021-ലെ കേരള തോട്ടം ഭൂമി നികുതി (റദ്ദാക്കൽ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): പ്രമേയത്തെ പിന്താങ്ങുന്നു.

2021-ലെ കേരള തോട്ടം ഭൂമി നികുതി (റദ്ദാക്കൽ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>രണ്ടാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

ബില്ലിന്റെ 2-ാം ഖണ്ഡം (2)-ാം ഉപഖണ്ഡത്തിനുപകരം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:-

"(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും,-

(എ) ഈ ആക്ടിന്റെ പ്രാരംഭതീയതിയിൽ, റദ്ദാക്കപ്പെട്ട ആക്ടിന്റെ കീഴിൽ നിയമിക്കപ്പെട്ട, അപ്പലേറ്റ് അതോറിറ്റി മുമ്പാകെ സമർപ്പിക്കപ്പെട്ടതും തീർപ്പാക്കാതെ നിലവിലിരിക്കുന്നതുമായ ഏതെങ്കിലും അപ്പീൽ, ഈ ആക്ട് പാസ്സാക്കിയിട്ടില്ലായിരുന്നു എന്ന രീതിയിൽ അപ്രകാരമുള്ള അധികാരസ്ഥാനം കേൾക്കേണ്ടതും തീർപ്പാക്കേണ്ടതുമാണ്.

(ബി) (1)-ാം ഉപവകുപ്പിൽ അടങ്ങിയിട്ടുള്ള യാതൊന്നും റദ്ദാക്കപ്പെട്ട ആക്ട് പ്രകാരമുള്ള നികുതി നിർണ്ണയിക്കുവാൻ വിട്ടുപോയ തോട്ടം ഭൂമി നികുതിയിന്മേലുള്ള നികുതി നിർണ്ണയം ഉൾപ്പെടെയുള്ള നികുതി നിർണ്ണയം, നികുതി ചുമത്തൽ, നികുതി പിരിച്ചെടുക്കൽ, ഈടാക്കൽ എന്നിവ സംബന്ധിച്ച് ഈ ആക്ടിന്റെ പ്രാരംഭത്തിൽ നിലവിലുണ്ടായിരുന്ന നടപടികൾ സ്വീകരിക്കുന്നതിനും തുടരുന്നതിനും പൂർത്തീകരിക്കുന്നതിനുമുള്ള അവകാശം, ഏതെങ്കിലും ആളിൽനിന്നും കിട്ടേണ്ട തുക ഒരാൾ നൽകുന്നതിനുള്ള ബാധ്യത, റദ്ദാക്കപ്പെട്ട ആക്ടിനുകീഴിൽ തുക തിരികെ ലഭിക്കുന്നതിനുള്ള ഏതെങ്കിലും അവകാശം എന്നിവയെ ബാധിക്കുന്നതല്ല".

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല)

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): 2021-ലെ കേരള തോട്ടം ഭൂമി നികുതി (റദ്ദാക്കൽ) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): പ്രമേയത്തെ പിന്താങ്ങുന്നു.

2021-ലെ കേരള തോട്ടം ഭൂമി നികുതി (റദ്ദാക്കൽ) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ ഐകകണ്ഠ്യേന പാസ്സാക്കി.

(iii) 2021- ലെ കേരള കാർഷികാദായ നികുതി (റദ്ദാക്കൽ) ബിൽ

**പ്രമേയം**

ചട്ടം സസ്പെൻഡ് ചെയ്യുന്നത് സംബന്ധിച്ച്

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): "ഇന്ന് സഭ മുമ്പാകെ അവതരിപ്പിക്കുന്ന 2021-ലെ കേരള കാർഷികാദായ നികുതി (റദ്ദാക്കൽ) ബിൽ അവതരണത്തിന് ശേഷം ഇന്നുതന്നെ പരിഗണനയ്ക്കെടുക്കുന്നതിലേയ്ക്കായി, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 76, 77, 237 എന്നിവയിലെ ബന്ധപ്പെട്ട വ്യവസ്ഥകൾ താൽക്കാലികമായി സസ്പെൻഡ് ചെയ്യുന്നതിന് ഈ സഭ തീരുമാനിക്കുന്നു" എന്ന പ്രമേയം അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): 2021-ലെ കേരള കാർഷികാദായ നികുതി (റദ്ദാക്കൽ) ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): 2021-ലെ കേരള കാർഷികാദായ നികുതി (റദ്ദാക്കൽ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>): കാർഷികാദായ നികുതി ഒഴിവാക്കണമെന്ന ജസ്റ്റിസ് എൻ. കൃഷ്ണൻനായർ കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശ നടപ്പാക്കുന്നതിനായി 1991-ലെ കാർഷികാദായ നികുതി ആക്ട് റദ്ദാക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലാണ് ബിൽ കൊണ്ടുവന്നിട്ടുള്ളത്. ബിൽ പരിഗണനയ്ക്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

2021-ലെ കേരള കാർഷികാദായ നികുതി (റദ്ദാക്കൽ ബിൽ) പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>രണ്ടാം വകുപ്പ്</u>

(ഭേദഗതിയില്ല)

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഒന്നാം വകുപ്പും പീഠികയും പേരും</u>

(ഭേദഗതിയില്ല)

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): 2021-ലെ കേരള കാർഷികാദായ നികുതി (റദ്ദാക്കൽ) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): പ്രമേയത്തെ പിന്താങ്ങുന്നു.

2021-ലെ കേരള കാർഷികാദായ നികുതി (റദ്ദാക്കൽ) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ ഐകകണ്ഠ്യേന പാസ്സാക്കി.

സഭ വൈകുന്നേരം 5.00-ന് പിരിഞ്ഞു.

****